ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ: ഇ3/4060/2024/എബിറ്റിറ്റി/6 തീയതി : 01.01.2025

## ക്വട്ടേഷൻ പരസ്യം

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് - 2025 പൊങ്കാല മഹോത്സവം കാർത്തിക ആഡിറ്റോറിയത്തിൽ പ്രസാദ ഊട്ടിനാവശ്യമായ ചോറും കറികളും പാചകം ചെയ്യുന്നതിനും പാചകം ചെയ്ത ഭക്ഷ്യ സാധനങ്ങൾ യഥാസമയം ഭക്തജനങ്ങൾക്ക് വിളമ്പി കൊടുക്കുന്നതിനും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2025-ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് കാർത്തിക ഓഡിറ്റോറിയത്തിൽ 2025 മാർച്ച് 5-ാം തീയതി മുതൽ 13-ാം തീയതി വരെ പ്രസാദ ഊട്ട് നടത്തുന്നതിനായി നൽകുന്ന സാധനങ്ങൾ ഉപയോഗിച്ച് രുചികരമായ രീതിയിൽ പാചകം ചെയ്യുന്നതിനും പാചകം ചെയ്ത ഭക്ഷ്യ സാധനങ്ങൾ യഥാസമയം വിളമ്പി കൊടുക്കുന്നതിനും മുൻപരിചയമുള്ള കരാറുകാരിൽ നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1 2025 മാർച്ച് 5-ാം തീയതി മുതൽ 13-ാം തീയതി വരെ രാവിലെ 10.00 മണി മുതൽ പ്രസാദ ഊട്ടിന് 100 കിലോഗ്രാം അരിയുടെ ചോറും, പല ദിവസങ്ങളിലായി ആവശ്യാനുസരണം ഇഞ്ചി, മാങ്ങ, നെല്ലിക്ക, നാരങ്ങ, കിച്ചടി, ഇഞ്ചിത്തൈര്, പുളി ഇഞ്ചി, പർപ്പടകം, തോരൻ, അവിയൽ, എരുശ്ശേരി, തീയൽ, കൂട്ടുകറി, വഴിക്കുവരട്ടി, തക്കാളി ഉടച്ചുകറി കൂടാതെ പരിപ്പ്, സാമ്പാർ, പുളിശ്ശേരി, രസം, മോര്, ചൂടാക്കിയ കുടി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലി രേഖപ്പെടുത്തിയിരിക്കണം.

2 മേൽപ്പറഞ്ഞിരിക്കുന്നതായ ചോറും, കറികളും അതോടൊപ്പം പായസവും കൂടി തയ്യാറാക്കുന്നതിനുള്ള റേറ്റും ക്വട്ടേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം.

3 പ്രസാദ ഊട്ടിന് ചോറ്, കറികൾ, കുടിക്കുവാനുള്ള വെള്ളം എന്നിവ വിളമ്പുന്നതിനുള്ള കൂലി ഒരാളിന് എത്ര രൂപാ നിരക്ക് എന്ന് പ്രത്യേകം രേഖപ്പെടുത്തണം (ഒരു ദിവസത്തേക്ക് സമയം - രാവിലെ 09 മണി മുതൽ) കുറഞ്ഞത് ഒരു ദിവസം 30 പേർ വിളമ്പിനായി ഉണ്ടായിരിക്കണം.

ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ എല്ലാം വായിച്ചു നോക്കി ബോദ്ധ്യപ്പെട്ടാൽ പൂർണ്ണ വിവരങ്ങൾ അടങ്ങിയ ക്വട്ടേഷൻ വെള്ളക്കടലാസിൽ എഴുതി കവറിൽ ഉള്ളടക്കം ചെയ്ത് മുദ്ര വച്ച് ക്വട്ടേഷൻ കവറിനു പുറത്ത് **"കാർത്തിക ഓഡിറ്റോറിയത്തിലുള്ള പ്രസാദ ഊട്ടിന് ആഹാരം പാചകം ചെയ്യുന്നതിനും വിളമ്പുന്നതിനും"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. **10.01.2025 വെള്ളിയാഴ്ച വൈകുന്നേരം 3.00 മണിക്കകം ട്രസ്റ്റ് ആഫീസിൽ ലഭിച്ചിരിക്കേണ്ടതും, അന്നു വൈകുന്നേരം 4.00 മണിയ്ക്ക് സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ പൊട്ടിക്കുന്നതുമാണ്.** ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും

ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങി നിരതദ്രവ്യമായി ഉള്ളടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 200 രൂപയുടെ മുദ്രപ്പത്രത്തിൽ ട്രസ്റ്റ് നിശ്ചയിക്കുന്ന രീതിയിൽ ഒരു എഗ്രിമെന്റും, 5000 രൂപയുടെ സെക്യൂരിറ്റി ഡിപ്പോസിറ്റും വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് പാചകം ചെയ്യുന്നതിൽ കുറഞ്ഞത് അഞ്ചു വർഷത്തെയെങ്കിലും മുൻപരിചയം ഉണ്ടായിരിക്കണം. ഭക്ഷണ സാധനങ്ങൾ രുചികരമായ രീതിയിൽ തയ്യാറാക്കേണ്ടതും, പാചകക്കാർ ശുദ്ധിയും, വൃത്തിയും പാലിക്കേണ്ടതുമാണ്. പാചകം ചെയ്യുമ്പോൾ പുകവലി, മുറുക്കുക (വെറ്റില), മൂക്കുപ്പൊടി വലിക്കുക, മദ്യപാനം എന്നിവ കർശനമായി പാടില്ലാത്തതും ക്ഷേത്ര മര്യാദകൾ പൂർണ്ണമായും പാലിക്കേണ്ടതുമാകുന്നു. പാചകം ചെയ്യുവാൻ ഉപയോഗിക്കുന്ന സാധനങ്ങൾ ദുർവിനിയോഗം ചെയ്യാൻ പാടില്ലാത്തതുമാണ്. വിളമ്പുകാർ പുരുഷന്മാരാണെങ്കിൽ വൃത്തിയുള്ള പാന്റും ഷർട്ടും, സ്ത്രീകളാണെങ്കിൽ വൃത്തിയുള്ള ചുരിദാർ/സാരി, കൂടാതെ തൊപ്പി, കൈ ഉറ എന്നിവയും ധരിക്കേണ്ടതും മാന്യമായി പെരുമാറുന്നതിൽ ശ്രദ്ധിക്കുന്നവരുമായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള രോഗബാധ ഉള്ളവരെ വിളമ്പിനായി നിയോഗിക്കാൻ പാടില്ല. വിളമ്പുമ്പോൾ പുകവലിക്കുക മുറുക്കുക (വെറ്റില), മൂക്കുപ്പൊടി വലിക്കുക, മദ്യപാനം എന്നിവ കർശനമായി പാടില്ലാത്തതും ക്ഷേത്ര മര്യാദകൾ പൂർണ്ണമായും പാലിക്കേണ്ടതുമാകുന്നു. വിളമ്പിനായി നൽകിയിട്ടുള്ളവ ശ്രദ്ധാപൂർവ്വം ഉപയോഗിക്കേണ്ടതാണ്. വിളമ്പുന്നതിന് കുറഞ്ഞത് 30 (മുപ്പത്) പരിചയ സമ്പന്നരായ ആളുകൾ നിശ്ചയമായും ഉണ്ടായിരിക്കണം. അവരുടെ ഐ.ഡി പ്രൂഫ് കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും ക്വട്ടേഷൻ പൊട്ടിക്കുന്ന സമയത്ത് യാതൊരു മുന്നറിയിപ്പും കൂടാതെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും മറ്റുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ വിളിച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുമ്പോൾ കരാറുകാരനിൽ നിന്നും റ്റി.ഡി.എസ്. പിടിക്കുന്നതാണ്. പാൻ കാർഡുള്ള വ്യക്തിയാണെങ്കിൽ 1% നിരക്കിലും പാൻ കാർഡില്ലാത്തവരിൽ നിന്നും 20% നിരക്കിലും ടാക്സ് പിടിക്കുന്നതാണ്. ആധാറുമായി ലിങ്ക് ചെയ്യാതെ ഇൻഓപ്പറേറ്റീവായ പെർമനന്റ് അക്കൗണ്ട് നമ്പർ ഉള്ളവരിൽ നിന്നും സർക്കാർ നിഷ്കർഷിച്ചതു പോലെ 20% നിരക്കിൽ പിടിക്കുന്നതാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി,

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം.
2. ഓഫീസ്.
3. വെബ് സൈറ്റ്

പകർപ്പ് : 1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2025.
3. ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2025.
4. കൺവീനർ, പ്രസാദ ഊട്ട് കമ്മിറ്റി, പൊങ്കാല മഹോത്സവം-2025.
5. സൂപ്രണ്ട്, ട്രസ്റ്റാഫീസ്
6. ഫയൽ.

sr